# പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 965 — 11.07.2016 – ൽ മറുപടിയ്ക്ക്

## ഹൗസിംഗ് ബോർഡിന്റെ ചങ്ങനാശ്ശേരിയിലെ സ്ഥലത്ത് പുതിയ നിർമ്മാണ പദ്ധതി

| ചോദ്യം<br>**ശ്രീ. സി. എഫ് തോമസ്** | ഉത്തരം<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപമുള്ള സ്ഥലത്ത് ഏതെങ്കിലും പുതിയ നിർമ്മാണ പദ്ധതിക്ക് തീരുമാനം എടുത്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ നിർമ്മാണ പദ്ധതി എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ; | (ബി) ചങ്ങനാശ്ശേരി റവന്യൂ ടവറിന് സമീപത്ത് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന 14 നിലകൾ ഉള്ള ഒരു റസിഡൻഷ്യൽ അപ്പാർട്ടുമെന്റ്സ് കെട്ടിടം ഉപഭോക്താക്കളിൽ നിന്നും വിൽപ്പനവില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശേഖരിച്ചുകൊണ്ട് പാരസ്പര്യം പദ്ധതിയായി നടപ്പിലാക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് |

29.02.2016-ലെ G.O.(MS) No. 17/2016/Hsg നമ്പർ ഉത്തരവ് പ്രകാരം അംഗികാരം നൽകിയിട്ടുണ്ട്. മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കിയതിനു ശേഷം ബോർഡ് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത നിർമ്മാണ പദ്ധതിക്കുവേണ്ടി എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) ഉപഭോക്താക്കളിൽ നിന്നും ഫ്ളാറ്റുകളുടെ വിൽപ്പന വില നിർമ്മാണ കാലഘട്ടത്തിൽ തന്നെ ശേഖരിച്ചു കൊണ്ട് പാരസ്പര്യം പദ്ധതിയായിട്ടാണ് ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആയതിനാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ